# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5666

29.07.2015-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പത്ര മാധ്യമങ്ങളിലൂടെയും റേഡിയോ, ടെലിവിഷൻ, എന്നീ ശ്രാവ്യ ദൃശ്യ, മാർഗ്ഗങ്ങളിലൂടെയും കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് മത്സ്യത്തെഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നു. |
| (ബി) | കടലിൽ വെച്ച് അപകടം പറ്റുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കടലിൽ വച്ച് അപകടം പറ്റുന്ന മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന താഴെ പറയുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.<br><br><u>a) ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി</u><br>ഈ പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലം കാണാതാകുന്നവർക്കും, അപകടം മൂലം മരണപ്പെടുന്നവർക്കും, അപകടം മൂലം പൂർണ്ണമായും അവശതയിലാകുന്നവർക്കും 5 ലക്ഷം രൂപയും അപകടം മൂലം ഭാഗീകമായി അവശതയിലാകുന്നവർക്കും 24 മണിക്കൂറിലധികം ആശുപത്രി ചികിത്സ വേണ്ടി വരുന്നവർക്കും 2.5 ലക്ഷം രൂപയും കൂടാതെ അപകടത്തിൽ മരണപ്പെട്ടവരുടെ 2 മക്കളുടെ വിദ്യാഭ്യാസത്തിനായി പരമാവധി 10,000/- രൂപയും നൽകി വരുന്നു.<br><br><u>b) ആം ആദ്മി ബീമായോജന</u><br>സംസ്ഥാന ഫിഷറീസ് വകുപ്പ് എൽ.ഐ. സി യുടെ സഹകരണത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.<br>അപകട മരണം - 75000/- രൂപ<br>അപകടം മൂലം പൂർണ അവശത-37500/- രൂപ<br>സ്വാഭാവിക മരണം - 30000/- രൂപ<br>മത്സ്യത്തൊഴിലാളികളുടെ 9,10,11,12 ക്ലാസുകളിൽ പഠിക്കുന്ന മക്കൾക്ക് പ്രതിവർഷം സ്കോളർഷിപ്പ് - 1200/- രൂപ. |

| | | | |
|---|---|---|---|
| (സി) | **കടലിൽ മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?** | (സി) | വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ അഞ്ച് ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും മറൈൻ എൻഫോഴ്സ്മെന്റ് ജീവനക്കാരും ചേർന്ന് കടൽ പട്രോളിംഗും കടൽ രക്ഷാ പ്രവർത്തനവും നടത്തി വരുന്നു. ഫിഷറീസ് വകുപ്പ് ബോട്ട് ഉപയോഗിച്ച് അപകടത്തിൽപ്പെടുന്നവരെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സഹായവും ഉറപ്പാക്കാറുണ്ട്. കൂടാതെ കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന 7262 മത്സ്യബന്ധന യാന ഉടമകൾക്ക് ലൈഫ് ബോട്ട്, റഡാർ റിഫ്ളക്ടർ, കോമ്പസ് ഹീലിയോഗ്രാഫ്, റേഡിയോ ബിക്കൺ, ഫിഷിംഗ് കം എമർജൻസി ഫ്ളാഷ് ലൈറ്റ്, ഫസ്റ്റ്എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, ജാക്ക് നൈഫ്, കന്നാസ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ